തിരിച്ചറിയൽ കാർഡ് പോലെയുള്ള അറബികളുടെ കുടുംബകാർഡിന് **ഹവിയ്യ** എന്ന് പറയുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഐ.ഡി.കാർഡ് | ഹവിയ്യഃ | هـ وِ يَّ ة | هَوِيَّـة |

ദേഹേഛക്ക് അറബിയിൽ **ഹവാ** എന്ന് പറയുന്നു. കാറ്റിനും ഇതേ വാക്കാണ് ഉപയോഗിക്കുക.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ദേഹേഛ | ഹവാ | هـَ وَ ى | هَـوَى |

**വുഹൂശ്** എന്ന വാക്ക് അർഥമാക്കുന്നത് ഹിംസ്രജന്തുക്കൾ എന്നാകുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഹിംസ്രജന്തുക്കൾ | വുഹൂശ് | وُ حُ و شْ | وُحُـوشْ |

**വഹ്ദാനിയ്യത്** എന്നത് ദൈവത്തിന്റെ ഏകത്വത്തെ കുറിക്കുന്ന പദമാകുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ഏകത്വം | വഹ്ദാനിയ്യത് | وَ حْ دَ ا نِ يَّ ة | وَحْـدَانِيَّـة |

ചിരങ്ങക്ക് അറബിയിൽ പറയുന്നത് **യഖ്ത്വീൻ** എന്നാകുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| ചിരങ്ങ | യഖ്ത്വീൻ | يَ قْ طِ ي نْ | يَـقْـطِـينْ |

**യഹ്‌യ** എന്നത് ഒരാളുടെ പേരാകുന്നു.

| അർഥം | വാക്ക് | പിരിച്ചെഴുത്ത് | കൂട്ടിയെഴുത്ത് |
|---|---|---|---|
| പേര് | യഹ്‌യ | يَ حْ يَ ى | يَـحْـيَـى |

ഈ വാക്കുകളെല്ലാം പറഞ്ഞും എഴുതിയും ശീലിക്കണം.